ചെറുകഥ

# ബഹുരൂപി

ഒരുപാട് ആധികൾക്കും ആശങ്കകൾക്കും നടുവിലാണ് ഞാൻ. എവിടെ തിരിഞ്ഞുനോക്കിയാലും പ്രശ്നങ്ങൾ. മനുഷ്യന്മാരെ നോക്കിയാൽ അവർ ആകുലതകൾക്ക് നടുവിലാണ്. മൃഗങ്ങളാണെങ്കിൽ ദയനീയതയുടെ വൃത്തത്തിലാണ്. പക്ഷികളാകട്ടെ പറന്നു പോകാൻ പുതിയ ഇടങ്ങളില്ലാതെ വിലപിക്കുന്നു. മരങ്ങളും ചെടികളും അവയുടെ സകല ഇലകളും പൂക്കളും പൊഴിച്ചുകളഞ്ഞു കൊണ്ട് അതിശക്തമായ പ്രതിഷേധം എന്നെ അറിയിക്കുകയാണ്.......

തലച്ചോറ് കൂറേ നാളുകളായി വല്ലാതെ കറങ്ങിത്തിരിയുകയാണ്. അത് കയറി ചെല്ലാത്ത ഇടങ്ങൾ ഇല്ല. എപ്പൊ മുതൽക്കാണ് തനിക്കീ പ്രശ്നം ആരംഭിച്ചത്? ഇന്നലെ രാത്രി? അല്ല. ഇന്നലെ രാവിലെ? അല്ല. അതിനും മുമ്പേ? കൃത്യമായ ഒരു സമയബിന്ദുവിനെ തിരിച്ചറിയാൻ പറ്റുന്നില്ല. അല്ലെങ്കിലും മനസ്സിൽ പ്രശ്നങ്ങൾ വന്നു നിറയാൻ നിമിഷങ്ങൾ മതിയല്ലോ. കാരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും.........

ലോകം നിറയെ പ്രശ്നങ്ങൾ. ഭൂമിയിൽ ബോധമുള്ള എല്ലാ മനുഷ്യന്മാരും പ്രശ്നങ്ങളുടെ നടുവിലായതിനാൽ എന്റെ പ്രശ്നങ്ങൾ ഒരു പ്രശ്നമേയല്ല! അത് ഞാൻ തിരിച്ചറിയുന്നുണ്ട്. സ്വന്തം തിരിച്ചറിവുകൾ വല്ലാതെ ഞെരിയുകയാണ്. അല്ല. ആരോക്കെയോ ചേർന്ന് ഞെരിച്ചുടയ്ക്കുകയാണ്. ഉടയ്ക്കലിൽ ഏറ്റവും വേദനിക്കുന്നത് ഞെരിക്കുമ്പോളാണല്ലോ......... ഇന്നലെ ഞാൻ തന്നെ എന്തുമാത്രം സാധനങ്ങളാണ് എറിഞ്ഞുടച്ചത്. ചിലതൊക്കെ പുളിങ്കുരു പോലെ മാറ്റപ്പെട്ടുപോയില്ലേ.......

എല്ലാം തകർത്തെറിഞ്ഞശേഷം എത്ര നേരമാണ് മുറിയടച്ചിട്ട് ആ യുദ്ധക്കളത്തിൽ ഇരുന്നത്. ഒരു കൊച്ചുമുറിയിലെ കുരുക്ഷേത്രം. അല്ലെങ്കിൽ എന്റെ സ്വന്തം ജാലിയൻവാലാബാഗ്. എല്ലാം നശിപ്പിച്ചശേഷം ലഭിച്ച സ്വസ്ഥത. ജീവിതത്തിൽ ഇന്നുവരെ അനുഭവിച്ചിട്ടില്ല. നാൽപ്പത് വർഷം കൊണ്ട് കൂട്ടി കൂട്ടി വച്ച ഉരുളൻകല്ലുകൾ എല്ലാം കൂടിയെടുത്ത് ഒരുമിച്ച് താഴേക്ക് ഒറ്റ ഉരുട്ടിയിടൽ. അതുമല്ലെങ്കിൽ നാൽപ്പത് വർഷം പ്രായമുള്ള ഒരു സജീവ അഗ്നിപർവ്വതത്തിനെ പൊട്ടിത്തെറിക്കാൻ!

താൻ എന്തൊക്കെയാണ് ചെയ്തത്? ആദ്യം ചിതറിതെറിക്കപ്പെട്ടത് നാൽപ്പത് വർഷം കൊണ്ട് കൂട്ടിവച്ച വിശുദ്ധ ദൈവങ്ങളായിരുന്നു. കൃഷ്ണനും ക്രിസ്തുവും വക്കുടഞ്ഞ രൂപങ്ങളായി തെറിച്ചു വീണു. അവർ വിലപിച്ചില്ല. അവരുടെ അടുത്തേക്ക് വന്നു വീണത് ആയിരത്തൊന്ന് രാവുക

ളായിരുന്നു. ആയിരത്തൊന്നും പേജുകളായി മുറി മുഴുവൻ നിറഞ്ഞു. അതൊരു നീറ്റലായിരുന്നു. കഥകൾ കീറി കീറി പോകുന്നതിന്റെ നീറ്റൽ. എത്ര കഷ്ടപ്പെട്ടാണ് താനാ പുസ്തകം വാങ്ങിയത്. പിന്നെയെല്ലാം തുരുതുരെയായിരുന്നു. കുപ്പിവളകളും മഞ്ചാടിക്കുരുക്കളും മയിൽപ്പീലികളും സുവർണ മീനുകളും സിറാമിക് പാത്രങ്ങളും പളുങ്ക് ഗ്ലാസുകളും ചൈനീസ് കുപ്പികളും എഴുതി മഷിതീർന്ന പേനകളും എന്നോ ഉണങ്ങിപ്പോയ പൂവുകളും കൊച്ചുപായ്ക്കപ്പലുകളും കളിപ്പാട്ടക്കാറുകളും മഷിക്കുപ്പികളും അവസാനം കുടിച്ച ചായപ്പാത്രവും ഉൾപ്പെടെ തുണ്ടുതുണ്ടായി മുറിയ്ക്കകത്തെ ഭൂമിയിൽ വീണു. അതൊരു വീഴ്ച തന്നെയായിരുന്നു....... ഇതൊന്നും പുറത്താരും അറിഞ്ഞില്ലെന്ന് മാത്രം .....

അതിനുശേഷമാണ് ഞാനൊന്നാശ്വസിച്ചത്. മുറിയിൽ ഒന്നുപോലും ബാക്കി വച്ചില്ല. പുറത്താരേയും അറിയിക്കാത്തതിന് താൻ നാല് ചുമരുകളേയും മാറി മാറി ചുംബിച്ചു. ചുമരുകളിൽ അവിടവിടെ നിറങ്ങൾ ബഹുരൂപങ്ങളിൽ നിറഞ്ഞു. എല്ലാം എന്റെ വിരലുകളുടെ വേഗതയെ സൂചിപ്പിക്കുന്നു. മഷിക്കുപ്പികൾ ഉടഞ്ഞ് ചുമരിൽ താഴോട്ടോഴുകുന്ന നീലപ്പുഴയും പച്ചപ്പുഴയും കരിമ്പുഴയും ചോരപ്പുഴയും വേറിട്ടൊരു കലാരൂപം!

ഇനിയെന്തു ചെയ്യണം ? എല്ലാം അടങ്ങിയിരിക്കുന്നു. സർവ്വം ശാന്തം. തനിക്കിനി ലൈറ്റുകൾ ഓഫാക്കാം. സ്വിച്ചിൽ വിരൽ വച്ചു. മുറിയ്ക്കുള്ളിലെ ഇരുട്ട് തന്നെ വിളിക്കുന്നത് ഉറങ്ങാനാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. മുറിയുടെ ഒത്തനടുവിൽ ഇരുന്നു. അവിടെതന്നെ ചരിഞ്ഞു കിടന്നു. പിന്നെ കമിഴ്ന്നു കിടന്നു. നെഞ്ചിൽ ക്രിസ്തുവിന്റെ മുൾക്കിരീടം മുറിഞ്ഞു കുത്തി. ഒരിറ്റ് രക്തം പോടിഞ്ഞു. കാലിൽ പായ്ക്കപ്പലിലെ മൊട്ടുസൂചി തട്ടുംപോലെ. പെട്ടെന്നെത്തിയ ഉറക്കത്തിൽ വേദനകൾ എവിടേയ്ക്കോ പോയി. ഒരു യുദ്ധക്കളത്തിന്റെ നടുവിൽ കിടന്നുറങ്ങണമെന്ന എന്റെ ആഗ്രഹം അങ്ങനെ സഫലമായി........

ഉറക്കത്തിൽ മരുഭൂമികളും നീലക്കടലുകളും നിരന്നു വന്നു. പഞ്ചപുഷ്പങ്ങളും ഇന്ദ്രസദസും തെളിഞ്ഞു വന്നു. ശ്മശാനങ്ങൾ വേറിട്ടുവന്നു. കലാപകാരികൾ കൂട്ടം കൂടി നിൽക്കുന്നത് കണ്ടു. വഴിതെറ്റിപ്പോയ കുട്ടികളെ കണ്ടു ഒരിക്കലും പൂക്കാൻ കഴിയാത്ത മരങ്ങളെ കണ്ടു. ഈജിയൻ കടൽത്തീരത്തടിയുന്ന കടലാമകളെ കണ്ടു. അവയുടെ ഇടയിൽ മരിച്ചുറങ്ങിപ്പോയ ഒന്നര വയസുകാരനെ കണ്ടു. ഓടിക്കളിക്കുന്ന കമ്പ്യൂട്ടർ വൈറസുകളെ കണ്ടു. കാട്ടിലേക്ക് കയറിപ്പോയ മനുഷ്യരേയും കാടുവിട്ടിറങ്ങിപ്പോകുന്ന മൃഗങ്ങളേയും കണ്ടു...... കാഴ്ചകൾ കൂടികൂടി വരുന്നതല്ലാതെ കുറയുന്നില്ലല്ലോ...... ബുദ്ധനുപോലും ഇത്രയും കാണേണ്ടിവന്നിട്ടില്ല. ഇത് തന്റെ മാത്രം കണ്ണിനകത്ത് അടച്ചുവച്ച് തലയോട്ടികൊണ്ട് മൂടിവയ്ക്കേണ്ട കാഴ്ചകൾ. ഉറക്കകാഴ്ചകളുടെ ഉയിരിന് ഒരു പ്രത്യേകതരം ചൂടുണ്ട്. കുളിരും മധുരവും ചേർന്ന ചൂട്. തന്റെ

ചുണ്ട് അത് പിറുപിറുക്കുന്നു. ശ്വാസകോശത്തിലേക്ക് ഇറങ്ങിചെല്ലാൻ തന്റെ മൂക്കിന്റെയറ്റത്ത് ഒറ്റയ്ക്ക് ഒരു ഉറുമ്പെത്തി. അവനാണ് പോരാളി. നാല് വർഷം മുമ്പ് ഈ വീട്ടിലെത്തിയവൻ. വീടായ വീടുമുഴുവൻ കണ്ടവൻ. വീട്ടിനുള്ളിലെ ഒളിച്ചുകളികൾ കണ്ടവൻ, കഞ്ഞിവെള്ളത്തിൽ വീണെങ്കിലും രക്ഷപ്പെട്ടവൻ. രാത്രിയും പകലും ഉറക്കം നഷ്ടപ്പെട്ടവൻ, രാത്രി സീൽക്കാരങ്ങൾ കേട്ടവൻ. നെടുവീർപ്പുകൾ കേട്ടവൻ. അവൻ പോരാളി. അവന്റെ വർഗം പലപ്പോഴായി ഈ വീട്ടിൽ നിന്നും പാടെ തുടച്ചുമാറ്റപ്പെട്ടിട്ടുണ്ട്. അവന്റെ കോളനികളെ മുച്ചൂടും ചാമ്പലാക്കിയിട്ടുണ്ട്. എങ്കിലും അവൻ പോരാളി. ഇപ്പോൾ ഈ മുറിയിൽ തന്റെ മൂക്കിന്റെയടുത്ത്. ഉറുമ്പ് ചൊറിയാൻ വന്നാൽ ഉണരണം. തന്നെ ഉണർത്തിയെടുത്തു അവൻ. ഒരു കുടം നാസികാജലവുമായി അവൻ യുദ്ധഭൂമിയിലെവിടെയോ തെറിച്ചു വീണു...... വീഴ്ചയിൽ അവന് മരണം പറ്റിയിട്ടുണ്ടെങ്കിൽ അത് അനിവാര്യം. മരണം ആർക്കും ഏതു നിമിഷവും അനിവാര്യം.

വാതിലിൽ തുടർച്ചയായി മുട്ട് കേൾക്കുന്നു. കുറേ നേരമായി കാണണം ഇങ്ങനെ തുരുതുരെ മുട്ടാൻ. പതിനൊന്ന് വയസുകാരിക്ക് ഈ വീട്ടിലേക്ക് കയറാനുള്ള ആദ്യത്തെ വാതിലാണ് അടച്ചിട്ടിരിക്കുന്നത്. തുറന്നില്ലെങ്കിൽ അവൾ കുറേനേരം കൂടി മുട്ടികൊണ്ടിരിക്കും. തുറക്കില്ല എന്ന ബോധ്യപ്പെടുമ്പോൾ അവൾ ഉമ്മറത്തെ സിമന്റ് ബഞ്ചിൽ ചെന്നിരിക്കും. വീടിന്റെ മുന്നിലെ വഴിയിലൂടെ പോകുന്നവരെ നോക്കിയിരിക്കും. വഴിയിലൂടെ പലരും കടന്നു പോകും. ആണുങ്ങളും പോകും പെണ്ണുങ്ങളും പോകും. ഹിജഡകളും പോകും. ചിലർ അവളെ നോക്കി ചിരിച്ചേക്കും. ചിലർ ഭൂമിയെ നോക്കി നടന്നു പോകും. ചിലർ ചിലപ്പോൾ എന്തെങ്കിലും ചോദിച്ചാലായി. ജീവിതത്തിൽ ഇതുവരെ ആരൊക്കെയാണ് തന്നോട് എന്തെങ്കിലും ചോദിച്ചിട്ടുള്ളത്. ചോദിക്കലുകളും പറയലുകളും. രണ്ടിനേയും കുഴിയെടുത്ത് മൂടണം. രണ്ടിന്റേയും എല്ലുകളെടുത്ത് ചക്കിലിട്ടാട്ടി പൊടിയാക്കി മാറ്റി ജൈവകൃഷി ചെയ്യുന്നവർക്ക് കൊടുക്കണം.

അവൾ ഉമ്മറത്തെ കൂജയിൽ നിന്നും തണുത്ത വെള്ളം എടുത്ത് കുടിച്ചിരിക്കും. രാവിലെ വന്ന മൂന്ന് മതക്കാരുടേയും പത്രങ്ങൾ അവളെടുത്ത് നോക്കിയേക്കും പതിനഞ്ച് വയസിനുള്ളിൽ എല്ലാ വാർത്തകളുടേയും എഴുതാവരികൾ അവൾക്കറിയാം. രാത്രി കുത്തിയിരുന്ന് വാർത്തകൾ എഴുതുന്നവന്റെ വാരിയെല്ലുകളുടെ അനക്കം പോലും അവൾക്കറിയാം.

അവൾ തലതിരിഞ്ഞ അച്ഛന്റെ മകൾ. അവളുടെ ഐഡന്റിറ്റി അങ്ങനെയാണ്. അല്ലെങ്കിൽ കലാകാരന്റെ മകൾ. അതുമല്ലെങ്കിൽ കലാപകാരിയുടെ മകൾ. എഴുത്തുകാരന്റെ മകൾ. അച്ഛൻ സ്വച്ഛമായി ഒരിക്കലും മരിക്കില്ല എന്ന് തിരിച്ചറിഞ്ഞ മകൾ. അച്ഛനെയാരെങ്കിലും ഒളിച്ചിരുന്ന് കൊല്ലുമെന്ന് എന്നേ മകൾ തിരിച്ചറിഞ്ഞിരിക്കുന്നു. ബഹുരൂപിയായ അച്ഛന്റെ മകൾ. അവർ അച്ഛന്റെ ശിരസ്സ് വെട്ടിയെടുത്ത് ഈ വീട്ടുമുറ്റത്ത് കണികാണാൻ വച്ചേക്കാം.

അവരുടെ കൈയ്യിലിരിക്കുന്ന അച്ഛന്റെ ശിരസ്. ഒരു നഗരത്തിൽ നിന്ന് മറ്റൊരു നഗരത്തിലേക്ക് അവർ അച്ഛന്റെ ശിരസ്സ് കൊണ്ടുപോയേക്കാം. അച്ഛന്റെ കഴുത്തിലെ അറ്റുപോയ ഉണക്ക ഞരമ്പുകളിൽ ചിലപ്പോൾ പുഴുക്കളരിച്ചേക്കാം. പകുതിയടഞ്ഞ കണ്ണുകൾ. കരുവാളിച്ച ചുണ്ടുകൾ. ശിരസ്സില്ലാത്ത അച്ഛന്റെ ശരീരം പോലീസ് എന്നെങ്കിലും എവിടെനിന്നെങ്കിലും കണ്ടെത്തിയേക്കാം.

അവൾ ഇനിയും മൂന്നു മണിക്കൂറുകൾ കൂടി അവിടെ ഇരിക്കണം. അവൾ വാതിലിൽ മുട്ടിയാലും എനിക്കെങ്ങനെ തുറന്നുകൊടുക്കാൻ കഴിയും? ഞാനെത്തി എന്ന് അവൾ എന്നെ അറിയിക്കുന്നത് കൂറേയേറെ മുട്ടലുകളിലൂടെയാണ്. വാതിലിൽ മുട്ടുന്നത് എനിക്കും അവൾക്കും പൊറുതികേടിന്റെ സംഗീതമാണ്.

ഞാൻ അവൾക്ക് മാത്രമല്ല പൊറുതികേട്. അവളുടെ അമ്മയ്ക്കും കൂടിയാണ്. ഇനിയും മൂന്ന് മണിക്കൂറുകൾ കൂടി കഴിഞ്ഞാലെ എന്റെ പ്രാണനാഥ വീണയൂ. അവളുടെ കൈയ്യിലാണ് വീടിന്റെ താക്കോൽ. അവളെത്തണം. വാതിൽ തുറക്കണം. അപ്പോൾ മുറിയിൽ ചിലപ്പോൾ ഇരുട്ടായിരിക്കും ചിലപ്പോൾ വെളിച്ചമായിരിക്കും. താൻ ചിലപ്പോൾ മുറി മൂലയിൽ ഒതുങ്ങി നിൽക്കാം. ചിലപ്പോൾ മുറിമദ്ധ്യേ നാറാണത്തുഭ്രാന്തനെപ്പോലെ മലർന്നുകിടക്കാം.

അവർ ഇരുവരും കടന്നുവന്നന്നെ പിടിച്ചെഴുന്നേൽപ്പിക്കും. ചിരിവറ്റിപ്പോയ അവരുടെ മുഖങ്ങൾ തനിക്കിപ്പോൾ പേടിയാണ്. അവരെന്നെ ജീവനുതുല്യം സ്നേഹിക്കുന്നു. ഓരോ ദിവസത്തേയും അവർ രണ്ടുപേരും ഭയപ്പെടുന്നു. സുപ്രഭാതം അവർക്ക് പേടിയാണ്. രാത്രിയിൽ രണ്ടുപേരും എന്നെ കെട്ടിപ്പിടിച്ചിരിക്കുന്നു.

തന്റെ പ്രാണപ്രിയയുടെ പേര് പൂർണാദേവി. ഒരു പാവം. സ്നേഹിക്കാൻ മാത്രമേ അറിയൂ. തന്നെ വിട്ടൊരു കാര്യവുമില്ലവൾക്ക്. എനിക്ക് എല്ലാ ദിവസവും രാത്രി വരുമ്പോൾ പേനകൾ വാങ്ങികൊണ്ടുവരും. ഇന്നലെയും വാങ്ങികൊണ്ടുവന്നിരുന്നു മുളകൊണ്ടുണ്ടാക്കിയ മൂന്ന് പേനകൾ. ഇന്നലെ രാത്രി തന്നെ ആ പേനകൾ കൊണ്ട് മുഴുവൻ എഴുതി തീർത്തും – വകതിരിവില്ലാത്ത സംസ്കാരവും കൊണ്ടു നടക്കുന്നവരെക്കുറിച്ച്.

എന്റെ എഴുത്തുവരികളെ അവർ പേടിച്ചു. അമ്മയും മകളും അവർ അകാലത്തിൽ ഒറ്റപ്പെടാൻ പോകുന്നുവെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. അവർ എന്നുമെനിക്ക് സ്നേഹം തന്നെങ്കിലും സ്വാതന്ത്ര്യം നിഷേധിച്ചു. സ്വാതന്ത്ര്യത്തിന്റെ താക്കോൽ പൂർണാദേവി കരുതി വച്ചു. എന്റെ കൃഷ്ണമണികൾക്കറിയാൻ കഴിയാത്ത സ്ഥലത്ത്.

വയ്യ. എല്ലാം എറിഞ്ഞുടയ്ക്കണം. എല്ലാം. സ്വാതന്ത്ര്യമില്ലാത്ത സ്നേഹം ആർക്കുവേണം? ‘‘ലോകത്തിനെ കുത്തിയെടുത്ത് കുരിശിൽ കിടത്തിയിരിക്കുമ്പോൾ തന്നെ ഒരു മുറിയിലാക്കി തളയ്ക്കുന്നത് ശരിയാണോ പൂർണാദേവി?’’

എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങിയ മുഖവുമായി തന്റെ പ്രാണനാഥ അകത്തെ മുറികളിലേക്ക് കയറിപ്പോയി. ഓരോ മുറികളിലും വെളിച്ചം വിതറിച്ചു. താൻ എല്ലാം തകർത്തിട്ടിരിക്കുന്നത് കണ്ടിട്ട് എന്തോ തീരുമാനം എടുത്തത് പോലുണ്ട്. മകൾ പൊട്ടിപ്പോയ ഓരോന്നിനെയായി കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കുന്നുവെങ്കിലും വിജയിക്കുന്നില്ല. തകർന്നത് തകർന്നതു തന്നെ. അത് ജീവിതമായാലും പാവയായാലും.

കുറച്ച് കഴിഞ്ഞ് പൂർണാദേവി എന്ന എന്റെ പ്രാണപ്രിയ യുദ്ധക്കളത്തിൽ ആയുധങ്ങളില്ലാതെ നിൽക്കുന്ന തനിക്ക് പുതിയൊരു പേനയും വീടിന്റെ താക്കോലും എന്റെ കൈയ്യിൽ തന്നു. ഒപ്പം മുറിയിൽ വെളിച്ചം നിറയ്ക്കുകയും ചെയ്തു.....

.......അവർ അതുവരെയുണ്ടായിരുന്ന വെളിച്ചം കെടുത്തി. അവരുടെ മുന്നിൽ സമയം പ്രശ്നമായിരുന്നു. എല്ലാം ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ കഴിയണം. നഗരമദ്ധ്യത്തിൽ വച്ചുതന്നെ വേണം. നാലാൾ അറിയണം. ഒറ്റവെടിയിൽ തീർക്കണം. പണ്ട് ഗാന്ധിജിക്ക് കൊടുത്ത അതേ സമ്മാനം. ഉന്നം തെറ്റരുത്. തെറ്റില്ല അത്രമാത്രം ആവശ്യമാണ്....

സ്വാതന്ത്ര്യത്തിന്റെ താക്കോലുമായി എല്ലാവരും പോയതിനുശേഷം താനിറങ്ങുമ്പോൾ ഇന്നലത്തെ യുദ്ധക്കളം അതേപടി കിടപ്പുണ്ട്. മകളുടെ പരാജയപ്പെട്ട കൂട്ടിയോജിപ്പിക്കലുകൾ അവിടവിടെ കിടപ്പുണ്ട്. അംഗഛേദം സംഭവിച്ചവരുടെ നിലവിളി ഇപ്പോഴും അവിടവിടെയുണ്ട്. ആസന്നമൃത്യുവിനെ അവിടെ കാവൽ നിർത്തികൊണ്ട് താൻ കുറേകാലത്തിനുശേഷം കൃത്യസമയത്ത് നഗരമദ്ധ്യത്തിലേക്ക് കൃത്യസമയത്ത് തന്നെ ചെന്നു...... എല്ലാം അറിഞ്ഞിട്ടെന്നപോലെ.......

അവർക്ക് ഉന്നം കൃത്യമായിരുന്നു. ഒറ്റ ബുള്ളറ്റ്. അത്രയും മതി തന്നെ എന്നേക്കുമായി ഇല്ലാതാക്കാൻ. തന്റെ പേനകൾ നഗരമദ്ധ്യത്തിൽ വീണു. മഷി ചിതറി. പെട്ടെന്ന് കട്ട പിടിച്ചു. കൈയ്യിൽ കരുതിയ വാളുകൊണ്ട് അവർ തന്റെ ശിരസറുത്തെടുത്തു. അത് കൈയ്യിൽ പിടിച്ചുകൊണ്ട് ബൈക്കിൽ അവർ അടുത്ത നഗരത്തിലേക്ക് യാത്രയായി...... അറുത്തുമാറ്റിയ തന്റെ കഴുത്തിൽ നിന്നും ചോരത്തുള്ളികൾ ഗാന്ധിജിയുടെ പേരിലുള്ള റോഡിൽ വീണുകൊണ്ടേയിരുന്നു. പക്ഷേ രക്തത്തിന്റെ നിറം മഷിക്കറുപ്പായിരുന്നു.....

പൂർണാദേവിയും മകളും ഉച്ചയോടെ വീട്ടിലെത്തി. കുറച്ചു സമയത്തിനുള്ളിൽ തന്റെ ശവശരിരം അവിടെ എത്തും. മുറി തുറന്നു. യുദ്ധക്കളം അങ്ങനെ കിടക്കുന്നു. പൂർണാദേവി പറഞ്ഞു ‘അങ്ങനെ തന്നെ കിടക്കട്ടെ’ മകൾ പറഞ്ഞു: ‘അച്ഛന്റെ സ്വന്തം യുദ്ധക്കളം’. യുദ്ധക്കളത്തിൽ ചിതറിക്കിടന്ന പേനകൾ എല്ലാം മകൾ വാരിയെടുത്ത് മൂർദ്ധാവിൽ വച്ചു.....

ഇന്നലെ അച്ഛൻ ഡയറിയിൽ കുറേയേറെ എഴുതിയിട്ടിരുന്നു: നിങ്ങൾക്കെന്നെ കൊല്ലാൻ എളുപ്പമാണ്. കാരണം എനിക്ക് സ്നേഹിക്കാനേ അറിയൂ. നിങ്ങൾ എന്നെ വകവരുത്തുമ്പോൾ ഞാൻ പേടിക്കില്ല, കാരണം ഞാൻ നിങ്ങളുടെ സഹോദരൻ മാത്രം. എന്തിന്റെ പേരിലാണ് നിങ്ങൾ എന്നെ കൊല്ലാൻ തയ്യാറെടുക്കുന്നതെന്ന് എനിക്കറിയാമെങ്കിലും നിങ്ങളെ സ്നേഹിക്കാൻ മാത്രമേ എനിക്കറിയൂ. നിങ്ങൾ എന്നെ വെട്ടികൊന്നാലും വെടിവച്ചു കൊന്നാലും തലവെട്ടിയെടുത്താലും എന്റെ പ്രാണൻ ബഹുരൂപിയായിതന്നെ നിൽക്കും.....എന്റെ നേരെ നിറയൊഴിക്കുന്ന നിങ്ങളും നാളെ നിങ്ങളുടെ തെറ്റിനെ തിരിച്ചറിയും. അതെനിക്കറിയാം. കാരണം ഞാൻ ഇതുവരെ പറഞ്ഞതും എഴുതിയതും പാവങ്ങൾക്കുവേണ്ടിയും തിരിച്ചറിവില്ലാത്തവർക്കും വേണ്ടിയാണല്ലോ.........

മകൾ അവളുടെ ഡയറിയെടുത്ത് എന്തോ എഴുതാൻ തുടങ്ങുന്നു. എന്റെ ശവശരീരം എത്തുന്നതുവരേയും അതിനുശേഷവും എഴുതികൊണ്ടേയിരിക്കുന്നു. മഷിയും പേനയും അവളുടെ മനസും എവിടെ വച്ചോ ഒന്നായിക്കഴിഞ്ഞിരിക്കുന്നു..... മകളെ നോക്കി പൂർണാദേവി ഒരിക്കൽ കൂടി നെടുവീർപ്പിട്ടു........

***************